പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :252 — 01.12.2014 ൽ മറുപടിക്ക്

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. സണ്ണി ജോസഫ്,<br>,, പി.എ.മാധവൻ<br>,, അൻവർ സാദത്ത് | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത കേഡറ്റുകൾക്ക് കാര്യക്ഷമമായ പരിശീലനം ലഭ്യമാക്കുവാനും പദ്ധതി കൂടുതൽ സ്കൂളുകളിലേക്കും ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ മേഖലകളിലേക്കും വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ; | (എ) യും (ബി) യും: ഈ സർക്കാർ അധികാരമേറ്റ ശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിച്ച് ഇപ്പോൾ 433 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014 – 15 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 600 ലക്ഷം രൂപ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി 2014-15 അധ്യയന വർഷത്തിലേക്ക് ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കി ആഴ്ചയിൽ ബുധനാഴ്ചയും ശനിയാഴ്ചയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഏഴ് കമ്മ്യൂണിറ്റി പ്രോജക്ടുകൾ (എന്റെ മരം, ശുഭയാത്ര, ശുചിത്വമുറ്റം, വീട്ടിലൊരു ചങ്ങാതിക്കൂട്ടം, ലഹരിമുക്ത കേരളം, നിയമ പരിജ്ഞാനം, സമ്പൂർണ്ണ ആരോഗ്യം) കേഡറ്റുകളുടെ സർവ്വോന്മുഖമായ വികാസത്തെ മുൻ നിർത്തി നടപ്പിലാക്കി വരുന്നു. ഓണം ക്യാംപ്, ക്രിസ്തുമസ് ക്യാംപ്, പ്രകൃതി പഠന ക്യാംപ്, ജില്ലാതല സമ്മർക്യാംപ്, സംസ്ഥാനതല സമ്മർ ക്യാംപ് തുടങ്ങിയവ സംഘടിപ്പിക്കുകയും എസ്.പി.സി. ഡേ, എസ്.പി.സി.ക്വിസ്സ്, പൊതുവിശേഷ ദിവസങ്ങൾ, റിപ്പബ്ലിക് ഡേ പരേഡ്, സ്വാതന്ത്ര്യ ദിന പരേഡ് എന്നിവയും ആഘോഷിച്ചുവരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആക്ടിവിറ്റി കലണ്ടറിൽ ഇൻഡോർ മാനുവൽ, |

ഔട്ട്ഡോർ മാനുവൽ പ്രകാരമുള്ള വിവിധ തരത്തിലുള്ള കായികക്ഷമതാ പരിശീലനങ്ങളും സ്വഭാവ രൂപീകരണം, നേതൃഗുണം, അച്ചടക്കം, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ നടത്തുകയും പരേഡ്, പി.റ്റി, യോഗ, കളരി, കരാട്ടെ എന്നിവയുടെ പരിശീലനവും ക്രോസ് കൺട്രി, റോഡ് വാക്ക് ആന്റ് റൺ . എന്നിവ നടത്തുകയും ചെയ്യുന്നു.

(സി) പദ്ധതിയിൽ സഹകരിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശമാക്കുമോ;

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു.

(ഡി) പദ്ധതിക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(ഡി) ഉണ്ട്. ചാല ഗവ. ഗേൾസ് ഹൈസ്കൂൾ അങ്കണത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അക്കദമിയും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിനായി സ്ഥലം അനുവദിക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

സെക്ഷൻ ഓഫീസർ